(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇണിത്തരങ്ങൾ സംഭരിക്കാൻ ഏത് ഉത്തരവ് മുഖേനയാണ് ഗവൺമെന്റ് ഹാൻടെക്സിന് അനുവാദം നൽകിയിട്ടുള്ളത് ;

(ഇ) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) സ്ഥാപനങ്ങളുടെയും തുകയുടെയും വിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

സ്ഥാപനം	2013-14 (തുക) (രൂപ)	2014-15 (തുക) (രൂപ)
ആൾ ഇന്ത്യാ ഹാന്റ്ലൂം	2,69,310.00	9,08,452.00
എൻ.എസ്.ഐ.സി	3,40,65,172.60	4,58,00,468.50
ഹാന്റ്ലൂം ഹൗസ്, കേരളം	44,51,568.00	1,86,36,554.00

(സി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കാത്തതും ആവശ്യത്തിനനുസരിച്ച് ഉത്പാദിപ്പിക്കുവാൻ കഴിയാത്തതുമായ ഉത്പന്നങ്ങൾ ആവശ്യകത അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കേണ്ടി വരുന്നുണ്ട്.

(ഡി&ഇ) ഹാൻടെക്സിന്റെ ഭരണസമിതി തീരുമാനപ്രകാരമാണ് അനുവാദം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവില്ല.

കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് കേന്ദ്രസഹായം

260 (2498) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേക്കായി കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പ് സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയിൽ എത്ര ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; അങ്ങനെയുള്ള സംഘങ്ങൾക്കുകൂടി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2 ഘട്ടങ്ങളിലായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 23,03,05,268 രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിൽ ലഭിച്ച 23,03,05,268 രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 57.35 കോടി രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്.

(സി) 73 സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഈ സംഘങ്ങൾ ഈ പാക്കേജിന്റെ പരിധിയിൽ വരുന്നില്ല. ഈ സംഘങ്ങൾക്ക് സഹായം ലഭിക്കണമെങ്കിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണം. അത് കേന്ദ്രസർക്കാരാണ് തീരുമാനിക്കുന്നത്.

പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണം

261 (2499) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണത്തിനും മറ്റുമായി പി. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കുമോ ;

(സി) പരമ്പരാഗത ഖാദി വ്യവസായത്തിന്റെ പോഷണത്തിനായി എന്തെല്ലാം ഇതര പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 1521 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക താഴെപ്പറയുന്ന ഇനത്തിൽ ചെലവഴിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly